(ബി) ഉണ്ടെങ്കിൽ അത് എന്നത്തേക്ക് തുടങ്ങുമെന്ന് പറയാമോ ;

(സി) ഇപ്പോൾ അഡ്മിഷണൽ ജില്ലാ ട്രഷറികൾ ഉള്ളത് ഏതെല്ലാം. ജില്ലകളിലാണ് ?

ഉത്തരം

(എ) & (ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ.

കണ്ണൂർ ജില്ലയിലെ സബ് ട്രഷറികൾ

1013. [1470] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഇപ്പോൾ എത്ര സബ് ട്രഷറികൾ പ്രവർത്തിക്കുന്നു ;

(ബി) മലയോര പ്രദേശത്തെ ജനങ്ങളുടെ സൗകര്യത്തെക്കരുതി പടിയൂർ കല്ല്യാട്, ഇരിക്കൂർ, മയ്യിൽ, കുറ്റ്യാട്ടൂർ, കൂടാളി എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി ഇരിക്കൂർ കേന്ദ്രമായി ഒരു സബ് ട്രഷറി അനുവദിക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) പത്ത്.

(ബി) ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ഗവൺമെൻറ് ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ്

1014. [1471] ശ്രീ. പി. സീതി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെൻറ് ഭാഗ്യക്കുറി തുടങ്ങിയശേഷം ആകെ എത്ര നറുക്കെടുപ്പു നടത്തി ;

(ബി) അതിൽ ബംബർ നറുക്കെടുപ്പ് എത്ര ;

(സി) 30-9-1986 വരെ ഭാഗ്യക്കുറിയിൽ നിന്നും എന്തു ലാഭം ഉണ്ടായി ;

(ഡി) 15 ദിവസത്തിലൊരിക്കൽ നറുക്കെടുപ്പ് എന്നുള്ളത് ആഴ്ചയിലൊന്നാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 249 എണ്ണം.

(ബി) 46 എണ്ണം.

(സി) 31 കോടി രൂപ.

(ഡി) നറുക്കെടുപ്പു സംവിധാനം പുനരാവിഷ്ക്കരിക്കാൻ നടപടികൾ എടുത്തു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly